**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1410** **03-02-2026 - ൽ മറുപടിയ്ക്ക്**

**ദേശീയ വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ദെലീമ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ വിദ്യാഭ്യാസ നയത്തിലെ (എൻ.ഇ.പി.) ഉള്ളടക്കത്തോടുള്ള സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ; | (എ) | 1968 ലേയും 1986 ലേയും ദേശീയ വിദ്യാഭ്യാസ നയമനുസരിച്ചാണ് സംസ്ഥാനത്ത് നിലവിലുള്ള സ്കൂൾ ഘടനയും പാഠ്യപദ്ധതിയും ചിട്ടപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ദേശീയ വിദ്യാഭ്യാസ നയം 2020 നടപ്പാക്കുന്നതിന്റെ ഭാഗമായി പാഠപുസ്തകങ്ങളിൽ നിന്നും ചരിത്ര പ്രധാനമായ പല പാഠഭാഗങ്ങളും ഒഴിവാക്കുകയുണ്ടായി. ഈ പാഠഭാഗങ്ങളിൽ പലതും ഉൾപ്പെടുത്തി എസ്.സി.ഇ.ആർ.ടി. പുതിയ പാഠപുസ്തകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ രംഗത്തിനും, കുട്ടികളുടെ ഭാവിക്കും ഗുണകരവും അനിവാര്യവുമായ 2020 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ വ്യവസ്ഥകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. |
| (ബി) | ഖാദർ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഹയർസെക്കണ്ടറി ഏകോപനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾസിന്റെ പരിശോധന നടന്നുവരികയാണ്. ടി ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെ അവമതിക്കുന്ന പ്രചരണങ്ങൾ ചില സ്ഥാപിത താൽപ്പര്യക്കാർ ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പ്രചരണങ്ങളിലെ സത്യാവസ്ഥ വ്യക്തമാക്കുവാൻ സർക്കാർ മുൻകയ്യെടുക്കുമോ; | (സി) | പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളെ അവമതിക്കുന്ന പ്രചരണങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ദേശീയ പഠന സർവ്വേയിൽ സംസ്ഥാനത്തിന് അഭിമാനകരമായ സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ടോ; ദേശീയ ശരാശരിയുമായുള്ള താരതമ്യത്തിൽ | (ഡി) | 2024 ഡിസംബർ 4-ന് ദേശീയാടിസ്ഥാനത്തിൽ നടത്തിയ ദേശീയ പഠന സർവേയിൽ (PRS/NAS 2024) സംസ്ഥാനത്തിന് അഭിമാനകരമായ സ്ഥാനം |

| | | | |
|---|---|---|---|
| | സംസ്ഥാനത്തിന്റെ പ്രകടനം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ? | | നേടാൻ കഴിഞ്ഞിട്ടുണ്ട്. 3, 6, 9 ക്ലാസുകളിലായി നടത്തിയ സർവേയിൽ സംസ്ഥാനത്തിന് ഇന്ത്യയിൽ ഓവറോൾ രണ്ടാം സ്ഥാനം നേടാൻ സാധിച്ചിട്ടുണ്ട്. ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, വേൾഡ് എറൗണ്ട് അസ് എന്നീ വിഷയങ്ങളിലായി നടന്ന സർവേയിൽ സംസ്ഥാനത്തിന്റെ പ്രകടനം പൊതുവെ ദേശീയ ശരാശരിയേക്കാൾ മുൻപിലാണ്. |

സെക്ഷൻ ഓഫീസർ